# ചൈനീസ് വൻമലയ്ക്കു മുന്നിലെ ബുദ്ധപോരാട്ടം

## തിബത്തൻ ആക്റ്റിവിസ്റ്റും കവിയുമായ തെൻസിൻ സുൻന്ത്യുവുമായി 'കോറ' മലയാളത്തിലാക്കിയ ബിജുരാജ് നടത്തിയ അഭിമുഖം




**മാവോ സേതുംഗ് ഇടയ്ക്കൊക്കെ ഉദ്ധരിക്കാറുണ്ടായിരുന്ന കൊച്ചു ചെമപ്പു കഥയുണ്ട്. മലകളെ നീക്കം ചെയ്യുന്ന വിഡ്ഢിയായ വൃദ്ധനെപ്പറ്റി. തന്റെ വീട്ടിലേക്ക് വഴിമുടക്കുന്ന മലയെ തനിച്ച് കിളച്ചുമാറ്റാൻ ഒരുങ്ങുന്ന ഒരാൾ. പരിഹസിക്കുന്നവരോട് താനും തനിക്കു പിന്നാലെ വരുന്ന തലമുറകളും മല നീക്കം ചെയ്യുന്നതു തുടരുമെന്നും ഒടുവിൽ വിജയിക്കുമെന്നും അയാൾ പറയുന്നു. മാവോയുടെ കഥയിലെ വിഡ്ഢിയായ വൃദ്ധന്റെ വേഷം ഇന്ന് നന്നായി ഇണങ്ങുക തിബത്തുകാർക്കായിരിക്കും.**

**ചൈനീസ് ഭരണകൂട ഭീകരതകളെയും അധിനിവേശത്തെയും ഒരൊറ്റ രാജ്യത്തിന്റെയും പിന്തുണയില്ലാതെ തനിച്ച്, അരനൂറ്റാണ്ടിലേറെക്കാലമായി ചെറുത്തുനിൽക്കുകയാണ് തിബത്തൻ ജനത.**

**● എന്താണ് യഥാർത്ഥത്തിൽ തിബത്ത് പ്രശ്നം?**

തിബത്ത് മുമ്പ് സ്വതന്ത്രമായ രാജ്യമായിരുന്നു. സ്വന്തമായ ഭാഷയും ഭരണകൂടവും ഉണ്ടായിരുന്ന ജനത. 2.5 ദശലക്ഷം ചതുരശ്ര കിമീറ്റർ ചുറ്റളവിൽ 11,000 മുതൽ 16,000 അടിവരെ ഉയരത്തിൽ വസിച്ച ലോക മേൽക്കൂരയിലെ ജനങ്ങൾ. ചൈന 1959 ൽ തിബത്തിനെ ആക്രമിച്ചു കീഴ്പ്പെടുത്തി. തിബത്തിനെ മോചിപ്പിക്കാനും മാതൃരാജ്യത്തിലേക്കു കൂട്ടിച്ചേർക്കാനുമാണ് തിബത്തിലേക്ക് കടന്നുവന്നതെന്നാണ് അവർ പറഞ്ഞത്.

ചൈനക്കാർ തിബത്തിൽ അഴിച്ചു വിട്ട ക്രൂരതകൾ ഒട്ടനവധിയാണ്. പ്രതിഷേധിച്ചവരെയെല്ലാം അവർ വെടിയുണ്ടകൾക്കിരയാക്കി. പോട്ടാല കൊട്ടാരത്തിനു മുന്നിൽ പ്രകടനം നടത്തിയ നൂറുകണക്കിനു പേരെ കൂട്ടക്കൊല ചെയ്തു. നിരവധി ബുദ്ധവിഹാരങ്ങൾ തകർത്തു. ജനങ്ങൾക്കുമേൽ ബോംബ് വർഷിച്ചു കൂട്ടനരഹത്യകൾ നടപ്പാക്കി. തിബത്തൻ സായുധ വിമോചന പോരാട്ടത്തെ ചോരയിൽ മുക്കിക്കൊന്നു.

ഇന്ന് വൻ തോതിലുള്ള ചൈനീസ് അധിനിവേശം തിബത്തിനെ ദേശീയമായി, ഭാഷാപരമായി ഒക്കെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്. നിയന്ത്രണമില്ലാത്ത ചൂഷണം പാരിസ്ഥിതികമായും തിബത്തിനെ തകർത്തു കഴിഞ്ഞു. ഞങ്ങളാവശ്യപ്പെടുന്നത് ഞങ്ങളുടെ സ്വാതന്ത്ര്യം മാത്രമാണ്. ആത്മാഭിമാനത്തോടെ നിവർന്നു നിൽക്കാനുള്ള അവകാശം. സ്വന്തം മണ്ണ് ഞങ്ങൾക്ക് തിരിച്ചു കിട്ടിയേ മതിയാകൂ.

**● നിങ്ങളുടെ വിമോചനപോരാട്ടം എങ്ങനെയുള്ളതാണ്? എന്താണ് പോരാട്ടത്തിന്റെ പൊതു സ്വഭാവം?**

ഞങ്ങളുടെ പോരാട്ടത്തിന് ബഹുമുഖ സ്വഭാവമാണുള്ളത്. തിബത്തിനുള്ളിൽ തന്നെ വിവിധ രൂപത്തിൽ പോരാട്ടം നടക്കുന്നുണ്ട്. അതാണ്

മുമ്പ് സ്വന്തമായ അസ്തിത്വവും സ്വന്തം ഭാഷയും ജീവിതരീതികളുമുള്ള സ്വതന്ത്ര രാഷ്ട്രമായിരുന്നു തിബത്തൻകാർ. കമ്യൂണിസ്റ്റുകൾ ചൈനയിൽ അധികാരത്തിലെത്തുന്നതോടെയാണ് തിബത്തിന്റെ ദുരന്തം തുടങ്ങുന്നത്. മാവോയുടെ ചൈന 1959 ൽ തിബത്തിനെ അധിനിവേശപ്പെടുത്തി. പിന്നീട് ചൈന എല്ലാ അർത്ഥത്തിലും ആ കൊച്ചു രാഷ്ട്രത്തെ തകർത്തു. ജനതയുടെ ദുരന്തത്തിന്റെ തീവ്രതയ്ക്ക് അവരുടെ ഇന്ത്യയിലെ അഭയാർത്ഥികളുടെ എണ്ണം തന്നെ തെളിവ്. ഒരു ലക്ഷത്തി മുപ്പതിനായിരം പേരാണ് കൊച്ചിയിലുൾപ്പടെ വിവിധ അഭയാർത്ഥി മേഖലകളിൽ ദുരിത ജീവിതം നയിക്കുന്നത്. ലോകമെമ്പാടുമായി മറ്റൊരു അമ്പതിനായിരം പേർ വേറെയും.

തിബത്തിന്റെ സ്വാതന്ത്ര്യ മോഹങ്ങളുടെ, അവരുടെ രോഷത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ആൾരൂപമാണ് തെൻസിൻ സുൻന്ത്യു. ഇന്ത്യയിലെ തിബത്തൻ അഭയാർത്ഥിയാണ് അദ്ദേഹം. കവി.എഴുത്തുകാരൻ.ആക്റ്റിവിസ്റ്റ്, മനുഷ്യാവകാശ-ജനാധിപത്യ പ്രക്ഷോഭകാരി. കവിയെന്നതിനേക്കാൾ ആക്റ്റിവിസ്റ്റ്. സമരസംഘാടകൻ.

അഞ്ചുവർഷം മുമ്പ് അന്നത്തെ ചൈനീസ് പ്രധാനമന്ത്രി ഷു റോങ്ങ്ജി മുംബൈയിലെ ഒബ്റോയിൽ ഇന്ത്യൻ വ്യവസായികളെ അഭിസംബോധന ചെയ്യുമ്പോൾ സുരക്ഷാക്രമീകരണങ്ങൾ മറികടന്ന് 14 നില കെട്ടിടത്തിനുമുകളിൽ തിബത്തിനെ സ്വതന്ത്രമാക്കുക എന്ന ബാനറും പതാകയും ഉയർത്താൻ കടന്നു കയറിയതോടെ അന്താരാഷ്ട്ര പ്രശസ്തനായി. ഒന്നരവർഷം മുമ്പ് ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ചൈനീസ് പ്രധാനമന്ത്രി വെൻ ജിയാ ബോ സന്ദർശിക്കുമ്പോൾ ഒരിക്കൽ കൂടി നുഴഞ്ഞുകയറി ഭരണകൂടത്തെ ഞെട്ടിച്ചു. ഫ്രണ്ട്സ് ഓഫ് തിബറ്റ് എന്ന സംഘടനയുടെ സെക്രട്ടറി ജനറലാണ് ഈ മുപ്പത്തി ഒന്നുകാരൻ.

സഹപാഠികളിൽ നിന്നു പണം പിരിച്ചു പുറത്തിറക്കിയ ക്രോസിംഗ് ദ ബോർഡർ ആണ് ആദ്യ കവിതാസമാഹാരം. കോറ രണ്ടാമത്തെ കൃതി. 2001 ൽ ഔട്ട് ലുക്ക്-പിക്കാഡോർ അവാർഡ് നേടി.തിബത്തൻ റിവ്യൂ മാഗസിനിൽ പതിവായി തിബറ്റ് അനുബന്ധവിഷയങ്ങളിൽ കോളം എഴുതുന്ന തെൻസിൻ ആനുകാലികങ്ങളിൽ തുടർച്ചയായി എഴുതിവരുന്നു. ഷേംഷുക്ക് എന്ന മറ്റൊരു പുസ്തകത്തിന്റെ പണിപ്പുരയിലാണ് അദ്ദേഹം.

കോറ യുടെ മലയാള പരിഭാഷയുടെ പ്രകാശനത്തിന് കൊച്ചിയിൽ എത്തിയതാണ് തെൻസിൻ സുൻന്ത്യു. അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്:

യഥാർത്ഥ വിമോചന പോരാട്ടം. അഭയാർത്ഥികളായ ഞങ്ങൾ ചെയ്യുന്നത് തിബത്ത് പ്രശ്നത്തിന് ലോകവ്യാപകമായി പിന്തുണ നേടിയെടുക്കുകയാണ്. ഇന്ത്യയ്ക്കാണ് തിബത്ത് പ്രശ്നത്തിൽ നിർണായകമായി പലതും ചെയ്യാനാവുക. അതുകൊണ്ടു തന്നെ ഞങ്ങളിവിടെ ചെയ്യുന്നത് ഇന്ത്യൻ ജനങ്ങളെ തിബത്ത് പ്രശ്നത്തിനനുകൂലമാക്കുകയാണ്. ചൈനീസ് വിരുദ്ധ സമരങ്ങൾ ഞങ്ങളിവിടെ സംഘടിപ്പിക്കുന്നു. ചൈനീസ് ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അവിടുത്തെ ഭരണാധികാരികൾ ഇവിടെ വരുമ്പോൾ ഞങ്ങളുടെ പ്രതിഷേധം അറിയിക്കുന്നു. അഹിംസയിൽ അധിഷ്ഠിതമാണ് ഞങ്ങളുടെ പ്രവർത്തനം. ഗാന്ധിജിയാണ് ഇക്കാര്യത്തിൽ മാതൃക. പക്ഷെ തിബത്തിനുള്ളിൽ എന്നും സമരം അഹിംസാപരമായിരിക്കണമെന്ന് ആരും ശഠിച്ചുകൂടാ. അവിടെയും വ്യക്തിപരമായി ഞാൻ യോജിക്കുന്നത് അഹിംസാത്മകതയിൽ അധിഷ്ഠിതമായ സഹന പോരാട്ടത്തോടാണ്.



**● ചൈനീസ് പ്രധാനമന്ത്രിമാർ ഇന്ത്യയിൽ വന്നപ്പോൾ സുരക്ഷാക്രമീകരണങ്ങൾ മറികടന്ന് നിങ്ങൾ പ്രതിഷേധിച്ചു. ഇത്തരം ഒറ്റതിരിഞ്ഞുള്ള പ്രതിഷേധങ്ങൾ എന്തു പ്രയോജനമാണ് ചെയ്യുക?**

എന്റെ ജനങ്ങളുടെ ദുരന്തകാരണങ്ങളുടെ പ്രതീകമായിരുന്നു ചൈനീസ് പ്രധാനമന്ത്രി. 60 ലക്ഷം ജനങ്ങളെ എന്നും അടിമകളാക്കി വയ്ക്കാനാവില്ലെന്നു അദ്ദേഹത്തെ ഓർമിപ്പിക്കാനാൻ ഞാൻ ശ്രമിച്ചു.

എന്റെ പ്രതിഷേധ പ്രകടനത്തിന്റെ ലക്ഷ്യം തിബത്ത് പ്രശ്നത്തിലേക്ക് ശ്രദ്ധയാകർഷിപ്പിക്കുക എന്നതാണ്.

1989 ൽ തിയാൻമെൻ സ്ക്വയറിൽ ടാങ്കുകൾ തടഞ്ഞു നിർത്തിയ ഏകനായ മനുഷ്യൻ ചൈനീസ് ഭരണകൂടത്തിന്റെ അഴിമതിക്കും അടിച്ചമർത്തലിനുമെതിരെയുള്ള പോരാട്ടത്തിന്റെ ധീരപ്രതീകമാണ്. അയാൾ ഒറ്റയ്ക്കായിരുന്നില്ല. ചൈനയിൽ മൊത്തത്തിലുള്ള ജനാധിപത്യ പ്രക്ഷോഭങ്ങളുടെ ഭാഗമാണ് അയാൾ.

**● ചൈനീസ് ഭരണകൂടത്തിന്റെ സ്വഭാവം മൊത്തത്തിൽ പരിഗണിക്കുമ്പോൾ ഇവിടെയുള്ള ഇത്തരം പ്രതിഷേധങ്ങൾ അവർ ഗൗരവമായി കാണുമെന്നു കരുതാനാവുമോ ?**

ഞങ്ങളുടെ ഇപ്പോഴത്തെ ലക്ഷ്യം തിബത്തൻ പ്രശ്നത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്നതാണ്. അന്താരാഷ്ട്ര സമൂഹത്തിനു മുമ്പിൽ ചൈനയെ ഞങ്ങൾക്കു തുറന്നുകാട്ടണം. ഞങ്ങളെ മറ്റൊരു ദേശീയതയായി കാണാൻ പലരും മടിക്കുന്നുണ്ട്. ജനങ്ങൾ ചിന്തിക്കുന്നത് ഞങ്ങൾ ചൈനക്കാർ തന്നെയാണെന്നാണ്. അത് സത്യമല്ല. ഞങ്ങൾ വേറിട്ട ദേശീയ ജനവിഭാഗമാണ്. ഞങ്ങളുടെ ശബ്ദത്തെ ചൈനീസ് ഭരണകൂടം അടിച്ചമർത്തിയിരിക്കുന്നു. ഇത് ലോകത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കണം. ചൈനയ്ക്ക് ഞങ്ങളുടെ ശബ്ദത്തെ കണ്ടില്ലെന്നു നടിക്കാൻ കഴിയാത്ത കാലം തീർച്ചയായും വരും.

ഇന്ത്യയിലെ അ യാർത്ഥികൾക്കോ ലോകത്തിന്റെ വിവിധ ാഗങ്ങളിലെ കുറച്ചായിരം പേർക്കോ തിബത്തിന്റെ വിമോചനമാവശ്യപ്പെട്ടു സ്വന്തം നാട്ടിലേക്കു മടങ്ങുക സാധ്യമല്ല. ഞങ്ങൾക്ക് സ്വന്തം നാട്ടിൽ കാലുകുത്താൻ പോലും അവകാശമില്ല. നിർഭാഗ്യകരമാണിത്. ലോകമെമ്പാടുമുള്ള ജനങ്ങളെ തിബത്തൻ പ്രശ്നത്തെപ്പറ്റി ബോധവൽക്കരിക്കുകയും അവിടെ ചൈന നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ കൃത്യമായ വിവരങ്ങൾ അവർക്കു നൽകുകയുമാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പിന്തുണ നേടുകയാണു പ്രധാനം.

**● നിങ്ങൾ തിബത്തൻ സ്വരാജിനെപ്പറ്റി പറയുന്നു. കൂടുതൽ വിശദമാക്കാമോ?**

തിബത്തൻ സ്വരാജ് എന്ന മുദ്രാവാക്യം പ്രതിനിധീകരിക്കുന്നത് പൂർണ സ്വാതന്ത്ര്യത്തെയാണ്. സ്വയംഭരണമോ മറ്റു ഒത്തുതീർപ്പുകളോ സ്വീകാര്യമല്ല. സ്വാതന്ത്ര്യം അതിന്റെ എല്ലാ അർത്ഥത്തിലും തിരിച്ചുവേണം. ദലൈലാമ സ്വയംഭരണത്തിനു സമ്മതിച്ചേക്കാം. അദ്ദേഹത്തെയാണ് ഞങ്ങൾക്കിടയിൽ കൂടുതൽ പേരും ഇക്കാര്യത്തിൽ പിന്തുണയ്ക്കുന്നത്. പക്ഷെ പുരോഗമനക്കാരായ യുവജനത പൂർണ സ്വാതന്ത്ര്യം, തിബത്തൻ സ്വരാജ് ആവശ്യപ്പെടുന്നു. സ്വരാജ് എന്നത് കേവലമായ വിമോചനത്തെ മാത്രമല്ല ലക്ഷ്യമാക്കുന്നത്. വിമോചനത്തിനു ശേഷം ജനങ്ങളെ മാത്രം ആശ്രയിക്കുന്ന, പരിസ്ഥിതിയെ നശിപ്പിക്കാത്ത, സ്വാശ്രയ വികസനവും കൂടിയാണ്.

**● നിങ്ങൾ ദലൈലാമയോട് നേരിട്ട് വിയോജിപ്പുകൾ അറിയിച്ചിട്ടുണ്ടോ?**

ഉണ്ട്. സ്വയംഭരണം എന്ന അദ്ദേഹത്തിന്റെ നിലപാടിനോട് യോജിപ്പില്ല. എനിക്കുവേണ്ടത്




കാർട്ടൂൺ : അബേ ഗൗഡേ

തിബത്തിന്റെ പരിപൂർണ സ്വാതന്ത്ര്യമാണ്. എന്നാൽ ഞാൻ അദ്ദേഹത്തെ വളരെയേറെ ബഹുമാനിക്കുന്നു. ചൈനീസ് ശത്രുവിനോടൊപ്പം സമാധാനത്തിൽ കഴിയുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലുമാകില്ല. ഞാൻ ജീവിക്കുന്നതും സ്വപ്നം കാണുന്നതും സ്വതന്ത്ര തിബത്തിനുവേണ്ടിയാണ്. ദലൈലാമയുടെ മധ്യവർത്തിപാതയോടുള്ള വിയോജിപ്പ് പരസ്യമായി പ്രകടിപ്പിക്കുകയും നേരിട്ട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ തിബത്തിന്റെ ആത്മീയാചാര്യൻ എന്ന നിലയിൽ ഞാനദ്ദേഹത്തെ ആദരിക്കുന്നു.

**● സ്വയംഭരണത്തിനു വേണ്ടിയുള്ള ദലൈലാമയുടെ വാദത്തെ ചിലർ ന്യായീകരിക്കുന്നുണ്ട്. സ്വയംഭരണം നേടിയശേഷം സ്വാതന്ത്ര്യത്തിനുവേണ്ടി പോരാട്ടം തുടരാമെന്നാണ് അത്തരക്കാർ പറയുന്നത്. നിങ്ങൾ ഇതിനെ എങ്ങനെ കാണുന്നു?**

ഇരുവാദവും - സ്വയംഭരണവും സ്വാതന്ത്ര്യവും- തിബത്തിന്റെ ഇന്നത്തെ അപകടാവസ്ഥയെ എടുത്തുകാട്ടുന്നുണ്ട്. പക്ഷേ ദലൈലാമയുടെ മധ്യവർത്തി പാതയോട്, അതായത് സ്വയംഭരണമെന്നാവശ്യത്തോട് എനിക്ക് യോജിപ്പില്ല. ശരിയായ സ്വയംഭരണം എന്നത് പ്രായോഗികമാകുക ചൈന ഈ ആവശ്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോഴാണ്. ചൈന ഒരിടത്തും സ്വയംഭരണവാദ

ത്തിനനുകൂലമായി സംസാരിച്ചിട്ടില്ല. കുറഞ്ഞപക്ഷം ഇരുപത്തഞ്ച് വർഷകാലയളവിലെങ്കിലും. അതു കൊണ്ടു തന്നെ സ്വയംഭരണമെന്നവാദം സാങ്കൽപ്പി കവും അസാധ്യവുമായ ആഗ്രഹമാണ്.

നമ്മൾ ചൈനയുടെ ബുദ്ധിശക്തിയെ വിലയിടിച്ചു കാണുകയും അരുത്. അവർ വിഡ്ഢികളല്ല. സ്വയംഭരണം തന്നാൽ പിന്നീട് നമ്മൾ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയില്ലെന്ന് അവർ ചിന്തിക്കുകയൊന്നുമില്ല. സ്വയംഭരണമെന്നാൽ അത് യാചിക്കുന്ന ഒന്നാണ്. പക്ഷേ സ്വാതന്ത്ര്യമെന്നാൽ നമുക്ക് അവകാശപ്പെട്ടത് നമ്മളുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് ജനങ്ങൾക്കൊപ്പം നിന്ന് സ്വ പ്രയത്നത്തിലൂടെ നേടിയെടുക്കേണ്ട ഒന്നാണ്. സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ലോകമെമ്പാടുമുള്ള കോടിക്കണക്കിനു ജനങ്ങൾക്കും ചൈനീസ് ജനതയ്ക്കുമൊപ്പം നിന്നാണ് അത്തരം പോരാട്ടം നടത്തേണ്ടത്. സ്വാതന്ത്ര്യമെന്ന അവകാശത്തിനു ബദലില്ല.

**● എങ്ങനെയുള്ള തിബത്താണ് നിങ്ങൾ സ്വപ്നം കാണുന്നത്?**

എന്റെ സങ്കൽപ്പത്തിലുള്ള തിബത്ത് സ്വതന്ത്രവും ജനാധിപത്യപരവും പരമാധികാരവുമുള്ള രാജ്യമാണ്. തിബത്തൻ ജനത തങ്ങളുടെ ജീവിതരീതികൾകൊണ്ടും ജീവിതത്തിൽ ആത്മീയ അന്വേഷണങ്ങളോടു പുലർത്തുന്ന അതീവ താൽപ്പര്യവുംമൂലവും സ്വാഭാവികമായി മുതലാളി ത്തത്തിന്റെ പ്രവണതകളെ ചെറുക്കും. ഇക്കാരണ ങ്ങളാൽ തന്നെ ആധുനിക സാമ്പത്തിക താൽപ്പര്യങ്ങളിൽ അടിസ്ഥാനമായ ഉപഭോക്തൃ താൽപ്പര്യങ്ങളെയും പ്രതിരോധിക്കും. പുതിയ കാര്യങ്ങൾ മനസിലാക്കുന്നതിനോടൊപ്പം പഴയ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ഇതിൽ സന്തുലനം പാലിക്കുകയെന്നതു തീർച്ചയായും വെല്ലുവിളിയാണ്. ഇക്കാര്യത്തിൽ ഭൂട്ടാനിലെ ജനങ്ങൾ ശ്രമിക്കുന്ന വികസനപ്രവണതകളെയാണു ഞാൻ ഇഷ്ടപ്പെടുന്നത്.

**● നിങ്ങൾ തിബത്തിൽ പോയതായും ജയിൽ വാസമനുഭവിച്ചതായും പറഞ്ഞു? വ്യക്ത മാക്കാമോ?**

അതിർത്തി കടന്ന് ഒരിക്കൽ ഒളിച്ചു പോയി ഞാൻ തിബത്ത് കണ്ടിട്ടുണ്ട്. ചെന്നൈയിലെ കോളജിൽ ബിരുദപഠനം കഴിഞ്ഞ ശേഷമാണ് അത്. ആദ്യം ലഡാക്കിലേക്ക് പോയി. അവിടെ നിന്ന് അതിർത്തി നുഴഞ്ഞുകടന്ന് തിബത്തിലേക്കു പോയി.

അവിടെ നിരവധി പേരുമായി ഞാൻ സംസാരിച്ചു. തിബത്തിന്റെ മോചനം നേടുകയെന്ന ആവശ്യത്തോട് ജനങ്ങളുടെ ആഴത്തിലുള്ള പ്രതിബദ്ധത എനിക്ക് വ്യക്തമായി. അവരാണ് പ്രതീക്ഷ. അവരാണ് ഭാവി. ഞങ്ങളല്ല. അവരാണ് പോരാട്ടം നയിക്കുന്നത്. ഞാനവരെ വളരെയേറെ ആദരിക്കുന്നു. അവിടെവച്ചു ഞാൻ പിടിയിലാകുകയും മൂന്നുമാസം തടവിലടക്കപ്പെടുകയും ചെയ്തു. അതുകൊണ്ടു തന്നെ അവിടുത്തെ ജീവിതബുദ്ധിമുട്ടുകൾ എനിക്കറിയാം.പോലീസ് ആഴ്ചകളോളം എന്നെ ചോദ്യം ചെയ്തു. പിന്നെ അവിടെ നിന്നു പുറംന്തള്ളി. ഒരു ചെറുപ്പക്കാരനു തന്റെ മാതൃരാജ്യം കാണണമെന്നുള്ള ആഗ്രഹം പോലും ചൈനീസ് രണകൂടത്തിനു സഹിക്കാനാവുന്നതല്ല.

**● തിബത്തിന്റെ മോചനത്തിന് ഇന്ത്യൻ സഹായം എത്രമാത്രം ലഭിക്കുമെന്നാണ് കരുതുന്നത്?**

ഒരു രാജ്യത്തിനു മറ്റൊരു രാജ്യത്തിന്റെ രാഷ്ട്രീയകാര്യങ്ങളിൽ താൽപ്പര്യം ഉണ്ടാകണമെങ്കിൽ അവർക്ക് എന്തെങ്കിലും നേട്ടമോ ഗുണമോ അതിൽ നിന്നു കിട്ടണം.ഇതാണെന്റെ വ്യക്തിപരമായ വിശ്വാസം. ആയിരക്കണക്കിനു വർഷങ്ങളായി ഇന്ത്യ തിബത്തിനോട് സാംസ്കാരികവും രാഷ്ട്രീയവുമായി ആഴത്തിൽ ബന്ധം പുലർത്തുന്നുണ്ട്. ഇന്ന് ഇന്ത്യ; തിബത്തിനെ ചൈനയുടെ ഭാഗമായിട്ടാണു പരിഗണിക്കുന്നത്. ഇതാണ് ഇന്ത്യയുടെ ഔദ്യോഗിക നിലപാട്. എന്നാൽ ഇന്ത്യൻ ജനങ്ങൾ ഞങ്ങൾ ക്കൊപ്പമാണ്. സ്വാതന്ത്ര്യപ്രചാരണത്തിനുവേണ്ടി ഞാൻ ഇവിടെ എല്ലായിടത്തും തുടർച്ചയായി യാത്ര ചെയ്തിട്ടുണ്ട്. ജനങ്ങളുടെ പിന്തുണ എനിക്കു വ്യക്തമായി അറിയാം. ഇന്ത്യയുടെ സുരക്ഷയും പ്രതിരോധവും തിബത്തൻ മേഖലയിൽ അപകടത്തിലാണ്. തിബത്ത് ഇന്ത്യയ്ക്കും പ്രശ്നമാണ്. അതനുസരിച്ചായിരിക്കും ഇന്ത്യയുടെ ഇടപെടൽ. പക്ഷെ അരുണാചൽ, സിക്കീം അതിർത്തി പ്രശ്നങ്ങൾ ഇന്ത്യയ്ക്ക് ചൈനയുമായി പരിഹരി ക്കാനുണ്ട്. അതുകൊണ്ട് തന്നെ തങ്ങൾക്കു ഗുണകരമാകുന്ന വിധത്തിലേ ഇന്ത്യ ഇടപെടൂ.

**● ഇന്ത്യയിൽ നിന്ന് ഇനി എന്താണു പ്രതീക്ഷിക്കുന്നത്?**

തിബത്തൻകാരെ തിബത്തിൽ നിന്നുള്ളവരായി പരിഗണിക്കുകയും തിബത്ത് ചൈനയുടെ ഭാഗമല്ലെന്നു പ്രഖ്യാപിക്കുകയും വേണം. തിബത്തൻ കാരെ ചൈനക്കാരായാണു പരിഗണിക്കുന്നത് എന്നകാര്യത്തിലാണു ഞങ്ങൾ ഇന്ത്യയെ വെറുക്കുന്നത്. ഞങ്ങൾ ചൈനക്കാരല്ല. സ്വന്തം വ്യക്തിത്വമുണ്ട്. 1914 ൽ സിംല സമ്മേളനത്തിൽ ബ്രിട്ടിഷ് ഇന്ത്യൻ അധികാരികളും സ്വതന്ത്ര തിബത്തൻ ഭരണാധികാരികളും മക്മോഹൻ രേഖയെക്കുറിച്ച് കൂടിയാലോചനകൾ നടത്തിയിരുന്നു. എന്നാൽ ഇന്ത്യ ഇന്ന് ചൈനയുമായി അതിർത്തി ചർച്ചകൾ നടത്തുകയാണ്. ഇന്ത്യ യാഥാർത്ഥ്യങ്ങൾ മനസിലാ ക്കുകയും നയം മാറ്റുകയും വേണം.

**● തിബത്തിന്റെ വിമോചനമെന്ന ആശയത്തിനു മറ്റിടങ്ങളിൽ നിന്നുളള പിന്തുണ എത്രമാത്രമുണ്ട്?**

തിബത്തിനെ പിന്തുണയ്ക്കുന്നവരുടെ എണ്ണം നാളുകൾ കഴിയുന്തോറും വർധിച്ചുവരികയാണ്. ഞങ്ങൾ പ്രവാസികളാകുമ്പോഴുളള അവസ്ഥയല്ല ഇന്ന്. ലോകത്ത് ഒരു രാജ്യവും ഞങ്ങളെ ഔദ്യോഗികമായി അംഗീകരിക്കുന്നില്ലെങ്കിലും എല്ലായിടത്തും, ഇന്ത്യയിലുൾപ്പടെ ഞങ്ങൾക്കുളള പിന്തുണ ഏറിവരികയാണ്. ആക്റ്റിവിസ്റ്റുകൾ, വിദ്യാഭ്യാസമുളളവർ, ബുദ്ധിജീവികൾ, എഴുത്തുകാർ, കലാകാരൻമാർ, പത്രപ്രവർത്തകർ ഇങ്ങനെ എല്ലാ തലത്തിലുമുളളവരും ഞങ്ങൾക്കു പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്.

**● ചൈനയിൽ നിന്ന് എത്രമാത്രം പിന്തുണയുണ്ട്? തിബത്തിനുവേണ്ടി അവിടുത്തെ ജനങ്ങൾ ശക്തമായ നിലപാട് എടുക്കുമെന്നു കരുതാനാവുമോ?**

ഇന്നത്തെ ചൈന ഒരർത്ഥത്തിലും മാവോ സേതുംഗിന്റെ കാലത്തെ ചൈനയല്ല. ജനങ്ങൾക്ക് തങ്ങളുടെ അവകാശത്തെപ്പറ്റി നല്ല ബോധമുണ്ട്. നേതാക്കൾക്കും ഇതറിയാം. ലക്ഷക്കണക്കിനു സാധാരണക്കാരായ ചൈനക്കാർ തൊഴിലവകാശം, അഭിപ്രായ സ്വാതന്ത്ര്യം, മാധ്യമ സ്വാതന്ത്ര്യം എന്നീകാര്യങ്ങളിൽ തീർത്തും അസംതൃപ്തരാണ്.



തിബത്തൻ ആക്ടിവിസ്റ്റിന്റെ
ആത്മകഥയും
രചനകളും
വിവ. ആർ.കെ.ബിജുരാജ്
ഫേബിയൻ ബുക്സ്,
നൂറനാട് പി.ഒ.
പേജ് 114, വില : 55.00 രൂപ

ഹാൻ ആശയവിശ്വാസത്തിന്റെ കീഴിലാണിന്നും ചൈന. ആധിപത്യ ശക്തിയുളള ഹാൻ കേന്ദ്ര ഭരണകൂടത്തെ മംഗോളിയർ, തിബത്തൻ തുടങ്ങിയ അപരിഷ്കൃത ജനങ്ങൾ വലയം ചെയ്തിരിക്കണം എന്നതാണ് ഹാൻ വിശ്വാസം. അതു തന്നെയാണ് തിബത്തും മറ്റുരാജ്യങ്ങളും കൈവശപ്പെടുത്താൻ ചൈനയെ പ്രേരിപ്പിച്ച യഥാർത്ഥ കാരണവും. ഈ വിശ്വാസം ഇതുവരെ മാറിയിട്ടില്ല. ചൈനയിൽ മതപരമായ അവകാശങ്ങൾക്കു വേണ്ടി സംസാരിക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായി ഉയർന്ന ആൾക്കാരുടെ പോലും അവസ്ഥയിതാണ്.

അഖണ്ഡ ചൈന എന്നും നിലനിർത്തുന്നതിനാണു ചൈന മുഖ്യമായും ശ്രദ്ധിക്കുന്നത്. അതിനെതിരെയുളള ഏതു ചെറിയ നീക്കവും ചൈനീസ് ഭരണകൂടം അടിച്ചമർത്തും. എന്നാൽ തന്നെയും കിഴക്കൻ തുർക്കിസ്ഥാനിലും മംഗോളിയയിലും തിബത്തിലുമെല്ലാം അസ്വസ്ഥതകൾ ശക്തമാണ്. ഫൂലൻഗോംഗ് മതവിശ്വാസികളാണു ചൈനയ്ക്കു മുഖ്യ വെല്ലുവിളി. ചൈനയിൽ ജനാധിപത്യം വേണമെന്ന് ആവശ്യപ്പെടുന്നവരുടെ എണ്ണം ലോകമെങ്ങും ശക്തിപ്പെടുകയാണ്. അഴിമതി നിറഞ്ഞ ചൈനീസ് സാമ്രാജ്യത്വത്തിന്റെ കീഴിൽ കഴിയേണ്ടിവരുന്ന എല്ലാവർക്കും ഇത്തരം കാര്യങ്ങൾ പ്രതീക്ഷകൾ പകരുന്നുണ്ട്.

**● ആഗോളവത്ക്കരണത്തിന്റെ ഈ കാലത്ത് വർദ്ധിച്ചുവരുന്ന സാമ്പത്തിക താൽപര്യങ്ങൾ മൂലം മൂന്നാമതൊരു രാജ്യം നയതന്ത്രപരമായ സമ്മർദം ചൈനയ്ക്കു മേൽ ചെലുത്തില്ല. അമേരിക്കയ്ക്കയും തിബത്തിന്റെ മോചനം ആവശ്യപ്പെടില്ല. പിന്നെ എങ്ങനെയാണ് തിബത്ത് സ്വതന്ത്രമാവുക?**

അരനൂറ്റാണ്ടിനടുത്തുളള ഞങ്ങളുടെ വിമോചന പോരാട്ടം വ്യക്തമാക്കുന്നത് ആരെങ്കിലും സഹായിക്കാനുണ്ടാകുമെന്ന പ്രതീക്ഷ വേണ്ടെന്നാണ്. ഞങ്ങൾക്കു വേണ്ടി ആരും പ്രചരണവും നടത്തില്ല. അതിലും ദു:ഖകരം ചരിത്രത്തിൽ നിന്ന് തിബത്തൻകാർ ഒന്നും പഠിച്ചിട്ടില്ലെന്ന താണ്. ബുദ്ധിസവും വർണ്ണമനോഹരമായ തിബത്തൻ സംസ്കാരവും പശ്ചിമദേശങ്ങളിൽ നല്ല വിൽപ്പനചരക്കാണ്. എന്നാൽ യഥാർത്ഥ പ്രശ്നമായ തിബത്തിന്റെ മോചനം ആരും കണക്കിലെടുക്കുന്നില്ല.

ഞങ്ങൾ സ്വയം പര്യാപ്തരായില്ലെങ്കിൽ, ആന്തരികമായി കരുത്താർജിക്കുകയും സ്വതന്ത്ര ചിന്ത പുലർത്തുകയും ചെയ്യുന്നില്ലെങ്കിൽ സ്വതന്ത്ര തിബത്ത് എന്നും സ്വപ്നമായി ശേഷിക്കും. അമേരിക്കയെ പോലുളള രാജ്യങ്ങൾക്ക് തിബത്ത് പ്രശ്നം, ചൈന തങ്ങൾക്കു വഴങ്ങുന്നില്ലെന്നു കാണുമ്പോൾ പ്രയോഗിക്കാനുളള തുറുപ്പ് ചീട്ടാണ്. ഞങ്ങൾക്കു തീർച്ചയായും കുറേയേറെ മുന്നോട്ടു പോകാനുണ്ട്. ചൈനയിലുളള മാറ്റങ്ങളിലാണു യഥാർത്ഥ പ്രതീക്ഷ. പ്രവാസികളായ ചൈനീസ് ജനാധിപത്യവാദികളും കാത്തിരിക്കുന്നതു സ്വതന്ത്ര ചൈനയേയാണ്. ദക്ഷിണ മംഗോളിയയിലേയും കിഴക്കൻ തുർക്കിസ്താനിലെയും ജനങ്ങളും. ഞങ്ങൾ അവരെ പിന്തുണയ്ക്കുന്നു. ഞങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുന്നു. ചൈനയുടെ കോളോണിയൽ മനോഭാവമാണ് തിബത്തിനെ കൈവശപ്പെടുത്തി യിരിക്കുന്നത്. സ്വതന്ത്ര ചൈന യാഥാർത്ഥ്യ മാകുന്നതോടെ സ്വതന്ത്ര തിബത്തും നിലവിൽ വരും.

e-mail : tenstsundue@yahoo.com
ബിജുരാജ്, സീനിയർ സബ് എഡിറ്റർ, മംഗളം ദിനപത്രം, കൊച്ചി

**ദയവായി വരിസംഖ്യ ഉടൻതന്നെ പുതുക്കൂ**

കേരളീയം വരിസംഖ്യാനിരക്ക്
12 ലക്കം 180 രൂപ
എം.ഒ./ഡിഡി/പി.ഒ./ചെക്ക് അയയ്ക്കുക

കേരളീയം

കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9388872845, 9447674375